



മാണ്. കാറിനാൽ പന്തിനെ തീ പിടിച്ചാൽ ആപത്തു ഭയങ്കരമായിരിക്കും. ഇതിൻനിമിത്തം വേറേ ചില ശാസ്ത്രികൾ മൂടപ്പെട്ട വായുവിനെ പകരം, വേറേ ആകാശത്തേത്തെ പ്രയോഗിപ്പാൻ നോക്കി. കല്ലൂരി കാച്ചി എടുത്ത അംഗാരകവായുവിനെകൊണ്ടു പന്തിനെ നിറെച്ചാൽ മേലോട്ട് കയറാം. വിലാത്തിയിൽ ആട്ടകം എണ്ണപ്പാ പകരം ഈ അംഗാരകവായുകൊണ്ടു രാത്രിയിൽ വിളക്കു കത്തിക്കുന്നതിനാൽ ഈ ആവി കിട്ടുവാൻ പ്രയാസമില്ല; ഒരു ആകാശമെകാശം 14 വട്ടം മേനം കറഞ്ഞതാകുന്നു, എന്നിട്ടും ആ കാശത്തെകാശം 14 പ്രാവശ്യം മേനം കറഞ്ഞൊരാ ആവി



222. പക്ഷികൾക്കു പാർക്കുവാൻ കഴിയുന്നതു പ്രയോജനമുള്ളതു തന്നെ.

പക്ഷിയുടെ ദേഹത്തിനു ആകാശമെന്നതുപോലെ തന്നെ ഭൂമിയിലും അവറ്റകളിലും സഞ്ചരിക്കുവാൻ പോലെയുള്ള നേരത്തിനെയും വിചാരിച്ചിരിക്കുന്നതുകൊണ്ടു തന്നെ അതിന്റെ ഉടയ എല്ലുകളിലേ ചിറകുകളും വാലും എന്നിവയും ചിറകുവിടുവാൻ തക്കവണ്ണം ചേർത്തിരിക്കുന്നു.

രണ്ടാം അദ്ധ്യായം.

വായുവിന്റെ രാസഗുണങ്ങളും പ്രയോഗവും.†

Chemical and Physiological Qualities of the Air.

"തിന്ന് ഒട്ടതിയാൽ തീ കെടും
തണ്ണീർ മുക്കുമ്പോൾ വയ്ക്ക് ഒഴിയും
തന്നിൽ കരിയും തീരെ വിറകു
വക്കാണം കൊടുത്തുവാൻ വാക്കുകൊണ്ടും വേണം."
"നിന്നെ ശ്വാസത്തെ അയയ്ക്കേ നാം ചെയ്യുന്നിച്ചുള്ളൂ."

222. ഈ ഭൂമി ഒരു കടലേയുള്ളൂ എന്നു ഉപമാനം?

വാസ്തവം ഭൂമി വാതകാശത്തിൽ വിശേഷിച്ചു രണ്ടു വാതകം

*സൂചകം. പാരാദ (Dr. H. Gundert) തുടങ്ങിനിന്നും നോക്കുക.
†സൂചകം: കേരളോപകാരി 1878, 177-ാം മാസത്തു നോക്കുക.

പ്രസ്തുത ശാസ്ത്രത്തിലെ രണ്ടു പേജുകൾ

പ്രകൃതിശാസ്ത്രം

മലയാളത്തിലെ ആദ്യത്തെ ഭൌതികശാസ്ത്രഗ്രന്ഥം

സി. കെ. മൂസ്സത്

ഭൌതികശാസ്ത്രഗ്രന്ഥം പണ്ടു മലയാളഭാഷയിൽ എഴുതപ്പെട്ടിട്ടുണ്ടോ? ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ വന്നപ്പോഴാണ് സ്വാഭാവികമായും എനിക്കു നേരിടേണ്ട ഒരു പ്രശ്നമായി ഇത്. വളരെക്കാലം മുമ്പ് ഒരു സായിപ്പ് എഴുതിയ ഒരു ഫിസിക്സ് പുസ്തകം വിക്ടോറിയാ കോളേജ് മലയാളം ലൈബ്രറിയിൽ കണ്ടിട്ടുണ്ടെന്ന് പ്രൊഫസർ ഗുപ്തൻ നായർ പറഞ്ഞത് എന്നെ ഉത്സാഹപ്പെടുത്തി. പക്ഷെ, ഉള്ളൂരിന്റെ സാഹിത്യചരിത്രത്തിലോ, ശ്രീ മാസ്റ്റരപ്പണിക്കർ തയ്യാറാക്കിയ ശാസ്ത്ര—സാഹിത്യപ്രവർത്തകപട്ടികയിലോ അങ്ങിനെ ഒരു ഗ്രന്ഥകർത്താവിനെക്കുറിച്ച് പറയുന്നില്ല. പ്രസ്തുത ഗ്രന്ഥം ഒരു നോക്കു കാണാനായി പലയിടത്തും പരതി; ഈയ്യിടെ പുത്തരിക്കണ്ടത്തിലെ മൈതാനവില്പനക്കാരുടെ പഴയ ഗ്രന്ഥശേഖരത്തിൽ നിന്നും കിട്ടുമെന്നു പറയട്ടെ, ഒരു പ്രതി കണ്ടെടുക്കാൻ കഴിഞ്ഞു. ഉടമസ്ഥന്റെ പേരോ, സ്ഥാപനത്തിന്റെ സീലോ ഒന്നുമില്ല. എങ്കിലും നല്ല ബൈൻഡും കടലാസ്സും ആയതുകൊണ്ട് പേജുകളൊന്നും നഷ്ടപ്പെട്ടിട്ടില്ല. എൽ. ജോഹന്നസ് ഫ്രോൺമേയർ എഴുതി, 1883 ഫെബ്രുവരിയിൽ വിശാഖം തിരുന്നാൾ മഹാരാജാവിനു സാദരം സമർപ്പിച്ച സർവ്വഥാശ്രദ്ധേയമായ ഒരു ഭൌതികശാസ്ത്രഗ്രന്ഥമാണ് പ്രസ്തുതപുസ്തകം.

ഗുണ്ടർട്ടിന്റെ അനുയായി

ഏതാണ്ട് 88 വർഷങ്ങൾക്കു മുമ്പ് രചിക്കപ്പെട്ട ഈ ഗ്രന്ഥം ഒരു നല്ല ആസൂത്രണത്തിന്റെ ഫലമാണ് എന്ന് താളുകൾ മറിച്ചാൽത്തന്നെ ബോദ്ധ്യമാകും. ഗ്രന്ഥാരംഭത്തിലുള്ള സമർപ്പണവും, സമർപ്പണോപന്യാസവും ഇംഗ്ലീഷിലാണ്. പിന്നീട് വരുന്ന മുഖവുര അടക്കമുള്ള മലയാളഗ്രന്ഥഭാഗംതന്നെ 300 പേജുകൾ വരും: 112 ശ്ലോകങ്ങളും ഇതിൽ ചേർത്തിട്ടുണ്ട്. കൂടാതെ നൂറു പേജിൽ ഈ ഗ്രന്ഥഭാഗത്തിന് ഒരു ഇംഗ്ലീഷ് സംഗ്രഹവും കൊടുത്തിരിക്കുന്നു. അവിടെ 32 ചിത്രങ്ങളും അവസാനമായി അകാരാദിക്രമത്തിൽ സാങ്കേതികപദങ്ങൾക്ക് ഒരു മലയാളം—ഇംഗ്ലീഷ് ഗ്ലോസറിയും ചേർത്തിട്ടുള്ള നിലയ്ക്ക് സംഗതി നന്നായിട്ടുണ്ടെന്ന് പറയേണ്ടതില്ലല്ലോ. ആദ്യത്തെ ശബ്ദകോശകർത്താവാ

ന്നു. ഡിഫൻസ് ബജറ്റ് വർദ്ധനവ്, വിദ്യാഭ്യാസത്തോടനുബന്ധിച്ചുള്ള സൈനീകരണം, ന്യായവിചാരണാധികാരത്തിനെതിരായ പ്രതിലോമപരമായ നീക്കം എന്നിവവഴി, ജപ്പാനെ സാവധാനത്തിൽ എന്നാൽ ഉറപ്പോടെ, സൈനികമേധാവിത്വപുനരുത്ഥാനത്തിന്റെ പൂർത്തീകരണത്തിലേയ്ക്ക് നയിക്കുകയാണ് യഥാർത്ഥത്തിൽ അവർ ചെയ്യുന്നത്.

ഈ സംഭവം, പരിചയസമ്പന്നരും ഇതരസംഘങ്ങൾക്കും ഗവർമ്മെണ്ട് നൽകുന്ന സഹായത്തിന്റെ വിപത്ത് വെളിവാക്കുന്നു. സമ്പന്നർക്ക് പ്രത്യേകം ആനുകൂല്യം നൽകിയിരുന്നത്, വളരെ പേരെ ഗവർമ്മെണ്ടിനോട് ദ്വേഷമുള്ളവരാക്കിത്തീർത്തിട്ടുണ്ട്. അതേസമയം, തീവ്രഇടതുപക്ഷക്കാരും, 'അതിഭാവുക ഇടതുപക്ഷക്കാരും' മിഷിമയുടെ പ്രവൃത്തിയെ സ്തുതിക്കുന്നതാണ് ഏറ്റവും ആശ്ചര്യകരമായിട്ടുള്ളതു. അതായത്: ''പ്രധാനമന്ത്രി സാതോ, 'അദ്ദേഹത്തിനു ഭ്രാന്തായിരിക്കണ'മെന്നു പറഞ്ഞു, പരേതനെ അധിക്ഷേപിക്കുകയാണ് ചെയ്യുന്നത്. തന്റെ അവസാനത്തെ സാഹിത്യവൃത്തിയ്ക്കു ഞാൻ അദ്ദേഹത്തെ ബഹുമാനിയ്ക്കുന്നു. ചിന്തയുടേയും പ്രവൃത്തിയുടേയും അത്ഭുതകരമായ സംശ്ലേഷണം—'' എം. ഇന്ദ.

യ ഡോക്ടർ ഗ്രണ്ടർട്ടിന്റെ അനുയായിയായ ഒരു ജർമ്മൻ പാതിരിയാണ് ഫ്രോൺ മേയർ. പല പേജുകളിലും ചെറിയ അക്ഷരങ്ങളിൽ അടിക്കുറിപ്പായി ഡോക്ടർ എച്ച്. ഗ്രണ്ടർട്ടിന്റെ പാഠമാല 'ആകാശ നിന്തം', 'കേരളോപകാരി 1874, 1875, 1876, 1878 ലക്കങ്ങളം എന്നിവ സൂചകങ്ങളായി കൊടുത്തിട്ടുണ്ട്. ഓരോ അദ്ധ്യായവും തുടങ്ങുന്നിടത്തു ബൈബിളിൽനിന്നുള്ള പ്രസക്തമായ വാക്യശകലമോ, ഒരു പഴമൊഴിയോ ചേർത്തതാണ് മറ്റൊരു സവിശേഷത.

ജെ. ജെ. തോംസൺ എന്ന ഭൗതികശാസ്ത്രകാരൻ 1897-ൽ ഇലക്ട്രോൺ കണ്ടുപിടിച്ചു; അതിനു 14 വർഷങ്ങൾക്കു മുമ്പു പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിൽ, ആ കാലത്ത് പിടികിട്ടാവുന്ന കാര്യങ്ങളെല്ലാം ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്നു പതിനാല് അദ്ധ്യായങ്ങളുടെ 'പൊരുളടക്കം' തന്നെ സൂചിപ്പിക്കുന്നു. പദാർത്ഥങ്ങളുടെ വിശേഷതകളം പറയുന്നിടത്ത് ബഹുരന്ധ്രത (Porosity) സംലഗ്നാകർഷണം (Cohesion) സംശ്ലിഷ്ടത (Adhesion) കേശാകർഷണം (Capillarity) നിഷ്ക്രിയത്വം (Inertia) പൂർവ്വസ്ഥിതിഗമ്യത (Elasticity എന്നീ കാര്യങ്ങളൊക്കെ വിവരിക്കപ്പെടുന്നുണ്ട്. കൂടാതെ വീഴ്ച, ദ്രവങ്ങളം, ബാഷ്പങ്ങളം, വായുമർദ്ദത്തിന്റെ പ്രയോഗം, ശബ്ദം, വെളിച്ചം, അയസ്കാന്തം, വിദ്യുച്ഛക്തി ഇവ ക്രമത്തിൽ വെവ്വേറെ അദ്ധ്യായങ്ങളംതന്നെയും എഴുതച്ചേർത്തിട്ടുണ്ട്. കമ്പിത്തപ്പാലിന്റെ വിവരണത്തോടുകൂടി ഗ്രന്ഥം സമാപിപ്പിക്കുന്നതു നോക്കുക:

''എല്ലാടിക്കിലും ഇപ്പോഴം പ്രയോഗിക്കുന്ന അറെഴുത്തുകമ്പി (മോർസ്) (Morse) അമേരിക്കക്കാരൻ യന്ത്രിച്ചതാകുന്നു. മനുഷ്യർ ഈ കമ്പികളെ തൽക്കാലത്ത് ഭൂമിയുടെ എല്ലാ രാജ്യങ്ങളിലൂടെ കെട്ടിവെക്കുന്നതല്ലാതെ (കെട്ടിവെക്കുകമാത്രമല്ല എന്നർത്ഥം.) സമുദ്രത്തിൽ ആഴത്തിൽ കിടക്കുന്ന പ്ലാകങ്ങളം ഭൂഖണ്ഡങ്ങളെപ്പോലും തമ്മിൽ ചേർത്തിട്ട മനുഷ്യരുടെ വിചാരങ്ങളം ഇപ്പോം മിന്നൽപ്പിണരിനു് ഒത്ത വേഗത്തിൽ കരയിലും കടലിലും മരുഭൂമികളിലും കൂടി ഓടുന്നതിനാൽ, ലോകത്തിൽ എങ്ങും മനുഷ്യരുടെ എല്ലാ വ്യവസ്ഥകളിലും എത്ര മാറങ്ങളും ഉപകാരങ്ങളും ഉളവായി വന്നിരിക്കുന്നു.''

ഗദ്യശൈലി

ഉള്ളൂർ ജനിക്കുന്നതിനു നാലു കൊല്ലം മുമ്പ് ഒരു സായിപ്പ് മലയാളം പഠിച്ച് എഴുതിയ ഈ ശാസ്ത്രഗ്രന്ഥത്തിലെ ഗദ്യത്തിൽ ചില സ്ഥലങ്ങളിൽ പാകപ്പിഴകളം പോരായ്മകളം കണ്ടേക്കാം. ''വിദ്യുച്ഛക്തി ആകാശത്തിൽ പകരാതെ ഇരിക്കേണ്ടതിനു ചെമ്പിന്റെ കമ്പിയെ പട്ടുനൂലുകൊണ്ടു മൂടിപ്പൊതിയുവാൻ ആവശ്യം. (പേജ് 282), കമ്പി വർത്തമാനത്തിന്റെ കാര്യം ബോധിക്കേണ്ടതിനു മൂന്നു കാര്യം മനസ്സിൽ ധരിപ്പാൻ ആവശ്യം. എന്നിങ്ങിനെ ഇംഗ്ലീഷ് ശൈലി പിടിച്ചുള്ള പ്രയോഗങ്ങളം അവിടവിടെ ഉണ്ട്. ''തീ കെടുത്തേണ്ടതിനു നനഞ്ഞ പാക്കു്, പുഴി, മണ്ണു്, വളം തുടങ്ങിയുള്ളവയെ തീയിൽ ചാടുന്നതു് നല്ല വഴിയാകുന്നു.'' എന്ന വടക്കൻ ശൈലികളും കാണാം. Device എന്നതിന്റെ സമാനക്രിയാരൂപമാക്കി ''യന്ത്രികരിക്കുക'' എന്നുപയോഗിച്ചതു ശ്രദ്ധേയമായിരിക്കുന്നു. 32°C എന്നതിനെ 32 ഡിഗ്രി സെൽഷ്യസ് എന്നു് വായിക്കണമെന്നാണല്ലോ പുതിയ ചട്ടം. ഈ പുസ്തകത്തിൽ ഡിഗ്രി സെൽഷ്യസ് എന്നതന്നെയാണ് പ്രയോ

(ശേഷം 45-ാം പേജിൽ)

സമർപ്പണം


X

especially gratifying to me to think that this condescension on the part of Your Highness is associated with the occasion of Your Highness's visit to Madras for receiving the Insignia of the Most Exalted Order of the Star of India. That Your Highness may in the good providence of God, be long spared to dispense the blessings of a peaceful and enlightened Government is the earnest wish—the fervent prayer of

Your Highness's Most Obedient Servant

February 1883.

L. Johannes Frohnmeyer.



പാലക്കാട് വിക്ടോറിയ കോളേജ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സ്റ്റുഡൻറ്സ് ലിറററി ആൻറ് കൾച്ചറൽ മാർഗനൈസേഷൻറെ പ്രവർത്തകസമിതിഅംഗങ്ങൾ

പ്രകൃതിശാസ്ത്രം

(15–ാം പേജിൽ നിന്നു തുടർച്ച)

ഗിച്ചിട്ടുള്ളത്. പരിതൃം ആവർത്തിക്കപ്പെടുന്നു എന്നല്ലാതെ എന്തു പറയട്ടെ! പക്ഷേ, സയൻറിസ്റ്റ് എന്ന അർത്ഥത്തിൽ ഗ്രന്ഥകാരൻ ഉപയോഗിച്ചതുപോലെ 'ശാസ്ത്രി' എന്നും 'ജ്ഞാനി' എന്നും ഇന്നു പറഞ്ഞാൽ ഭംഗിയാവുകയില്ല. ആർക്കിമിഡീസിനെ 'അർപമേദൻ എന്ന ശാസ്ത്രി' ആയി വിവരിച്ചിരിക്കുന്നു! സാങ്കേതിക പദങ്ങളും കഴിയുന്നേടത്തോളം സംസ്കൃതഭാഷകളിൽ നിന്ന് നിഷ്പാദിപ്പിച്ചെടുക്കണം എന്ന കർക്കശനിഷ്കർഷ ഇക്കാലത്തേയ്ക്ക് പറഞ്ഞതല്ല ഓക്സിജൻ, നൈട്രജൻ, സൈഫൺ എന്നീ പദങ്ങളെ യഥാക്രമം അമിലതം, യവക്ഷാരബാഷ്പം, കടിലനാളി എന്നും ടെലിസ്കോപ്പിനെ 'ചീനക്കുഴൽ' എന്നും സിറിഞ്ചിനെ 'പിസ്താരി' എന്നും ട്യൂണിങ്ങ് ഫോർക്കിനെ 'സ്വരമുള്ള്' എന്നും മലയാളീകരിയ്ക്കുവാൻ ഗ്രന്ഥകർത്താവ് തുനിഞ്ഞത് അല്പം സാഹസമായി തോന്നിയേക്കാം.

ചോദ്യോത്തരങ്ങൾ

ചോദ്യോത്തരരൂപത്തിലാണ് വിഷയങ്ങളും കൈകാര്യം ചെയ്തിട്ടുള്ളത്. 447 ചോദ്യങ്ങൾക്കുള്ള ഉത്തരമായി കാര്യങ്ങളെ ഒതുക്കിയിരിക്കുന്നുവെങ്കിലും ചില സ്ഥലങ്ങളിൽ ചോദ്യം നാമമാത്രമായിരിയ്ക്കുന്നു. ഉദാഹരണമായി അവസാനത്തെ ചോദ്യം തന്നെ എടുക്കാം:

447. വിദ്യുച്ഛക്തികൊണ്ട് വാഹനം എത്രയും ദൂരത്തിലേയ്ക്ക് അയയ്ക്കാൻ കഴിയുന്നത് എന്തുകൊണ്ട്? ഇതിനുത്തരമായി കമ്പിത്തപ്പാലിൻറെ പ്രവർത്തനക്രമം രണ്ടു വലിയ ചിത്രങ്ങളും മോർസ് കോഡും ഉൾപ്പെടുത്തി ആറു പേജിൽ വിവരിച്ചിരിക്കുകയാണ്. 351–ാം പേജിൽ: ആവിയെന്തുകൊണ്ട് വലിയ യന്ത്രങ്ങളെ നടത്തുവാൻ കഴിയുന്നത് എന്തുകൊണ്ട്? എന്നതാണ്. ഇതിനുള്ള ഉത്തരം 11 പേജുകളിൽ അഞ്ചോ ആറോ ഖണ്ഡികകളുൾപ്പെടുത്തി എഴുതുവാൻ ഗ്രന്ഥകർത്താവു് മടിച്ചിട്ടില്ല. എന്നു വെച്ചാൽ പരീക്ഷാസൌകര്യത്തിനു് ചോദ്യോത്തരരീതിയിലുള്ള ഗൈഡ് പുസ്തകമല്ല ഇതു് എന്നർത്ഥം. ഗ്രന്ഥകാരൻ പറഞ്ഞതുപോലെ ഒരു സ്റ്റുഡിനേയോ പരീക്ഷയേയോ മുന്നിൽ കണ്ടെഴുതിയതുമല്ല. സാധാരണക്കാരിൽ പൊതുവേയും, യുവജനങ്ങളിൽ പ്രത്യേകിച്ചും ശാസ്ത്രബോധം വളർത്താനായി നിത്യജീവിതത്തിൽ നിന്നും ദൃഷ്ടാന്തങ്ങളും എടുത്തു വിവരിച്ചിരിക്കയാണു്. ഈ വിവരണത്തിൽ ഗണിതം കഴിയുന്നത്ര ഒഴിവാക്കാനും ഗ്രന്ഥകാരൻ ശ്രദ്ധിച്ചിട്ടുണ്ട്. അന്നത്തെ പരിമിതികളും വെച്ചു നോക്കുമ്പോൾ ഗ്രന്ഥകാരൻറെ വിജയം വളരെ പ്രകടമാണു്.

ശാസ്ത്രം പൊതുജനങ്ങൾക്കു്

സമർപ്പണോപന്യാസത്തിൽ ശാസ്ത്രവിദ്യാഭ്യാസത്തിൻറെ സാമൂഹ്യലക്ഷ്യവും, ആ ലക്ഷ്യസാക്ഷാൽക്കാരത്തിനു് വിദ്യാഭ്യാസം മാതൃഭാഷയിലായിരിക്കേണ്ടതിൻറെ അത്യാവശ്യവും ഗ്രന്ഥകർത്താവു് ഊന്നിപറഞ്ഞിരിയ്ക്കുന്നുണ്ട്. വിദ്യാഭ്യാസം വിദേശഭാഷയിലാകുമ്പോൾ അതിൻറെ ദീപശിഖവഹിക്കുന്ന ന്യൂനപക്ഷവും അതിൻറെ പുറം വെളിച്ചവും ലഭിയ്ക്കുന്ന ബഹുഭൂരിപക്ഷവും തമ്മിൽ ഒരു വിടവു് വന്നു ചേരുന്നതു് സ്വാഭാവികമാണു്. ഇതു് ഒഴിവാക്കുവാൻ മാതൃഭാഷയിൽ ശാസ്ത്രഗ്രന്ഥങ്ങൾ കൂടിയേ തീരൂ. ഗ്രന്ഥകർത്താവു് പറയുകയാണു്: ''മലയാളത്തിൽ ഈ ഭൌതിക ശാസ്ത്രഗ്രന്ഥമെഴുതിയതിൽ എനിക്കുള്ള ന്യായീകരണമായി പറയാനുള്ള കാര്യം ലാഹോർ ബിഷപ്പുതിരുമേനി, വാചാലമായ വാക്കുകളിൽ ലാഹോർ സർവ്വകലാശാലയിൽ പറഞ്ഞിട്ടുണ്ട്. നമ്മുടെ ഇംഗ്ലീഷ് സാഹിത്യത്തിലെ വിശാലവും സുന്ദരവുമായ വിജ്ഞാനത്തിൻറെ പ്രവാഹം പൗരസ്ത്യവും പാശ്ചാത്യവുമായ നിരവധി പോഷകനദികൊണ്ടു് പുഷ്കലമായതാണല്ലോ. ആ പുണ്യജലം ആവോളം കണക്കിനു് കൈത്തോടുകളായി ഭാരതത്തിൻറെ വിവിധഭാഷകളിൽ കടന്നു് ആ മഹത്തായ രാജ്യത്തിൻറെ കോടിക്കണക്കിനുള്ള ഗൃഹങ്ങളിലും ഗൃഹാന്തർഭാഗങ്ങളിലും ചെന്നെത്തട്ടെ എന്നാണ് എൻറെ പ്രാർത്ഥന. ദേശസ്നേഹത്തിൻറെയും പൊതുകാര്യതാല്പര്യത്തിൻറെയും കണികപോലുമുള്ളവർ പറയാൻ ധൈര്യപ്പെടുമോ, ഇംഗ്ലീഷുഭാഷയുടേയോ അതിലധികം കൃത്രിമഗംഭീരമായ മറ്റു ഭാഷകളുടെയോ പടിവാതിൽ തുറന്നു വരുന്ന കാര്യങ്ങളെക്കൊണ്ടുമാത്രം, യുഗസഞ്ചിതമായ മാനസികവികാസങ്ങളും പ്രയോജനകരമായ സുപ്രധാന കണ്ടുപിടുത്തങ്ങളും, ഈ മഹത്തായ രാജ്യത്തിനു് പരിചയപ്പെടാനെക്കുമെന്നു്? ജർമ്മൻഭാഷയിലേയ്ക്കു് ബൈബിളും ഗ്രന്ഥത്തെ തർജ്ജമചെയ്തശേഷമാണ് ജർമ്മൻ ഒരു പുസ്തകഭാഷയാകുന്നത്. അതുടർന്നു് വിപുലമായ തോതിൽ ശാസ്ത്രഗ്രന്ഥങ്ങൾ എഴുതിത്തുടങ്ങിയപ്പോഴേയ്ക്കും ലാറ്റിൻ ഭാഷയുടെ സർവ്വാധിപത്യം അവസാനിച്ചു. അതുകൊണ്ട് ഇംഗ്ലീഷിൽ കാര്യങ്ങളും പഠിച്ച മലയാളികളും നാട്ടുകാർക്കു വേണ്ടി താല്പര്യപൂർവ്വം മലയാളത്തിൽ എഴുതാൻ തുടങ്ങിയാൽ മാത്രമെ മലയാളം നിലവാരപ്പെട്ട് കിട്ടുകയുള്ളു. കുറെ വർഷങ്ങളോളം ശാസ്ത്രം മലയാളത്തിൽ പഠിപ്പിയ്ക്കട്ടെ. അപ്പോഴും കാണാം മലയാളത്തിനു വഴങ്ങാൻ വയ്യാത്തത്ര വിശിഷ്ടമായ ഒരു ആശയവും ഉണ്ടാവുകയില്ലെന്നു്!'' വിദ്യാഭ്യാസരംഗത്തിൻറെ ജനാധിപത്യവൽകരണപ്രശ്നത്തെ ശരിയായ വെളിച്ചത്തിൽ കണ്ടു് എഴുതിയ ഒരു ശ്രേഷ്ഠഗ്രന്ഥമാണു് ആ പഴയ ജർമ്മൻപാതിരി തയാറാക്കി വിശാഖംതിരുനാൾ മഹാരാജാവിനു—അല്ല, മലയാളഭാഷയ്ക്കുതന്നെ—സമർപ്പിച്ചത്. പഴക്കത്തിലും തിളക്കം വിടാത്ത ഒരു ശാസ്ത്രസാഹിത്യകൃതി?